(ബി) എങ്കിൽ എത്ര ശതമാനം കൺസഷനാണ് ഈ കാർഡുവഴി അനുവദിക്കുന്നത്;

(സി) ഏതെങ്കിലും വിഭാഗത്തിൽപ്പെടുന്ന കോളേജുകളിൽ റഗുലർ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ. എസ്. ആർ. ടി. സി. യുടെ ബസ്സുകളിൽ കൺസഷൻ കാർഡ് നൽകാതിരിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം റഗുലർ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ കൺസഷൻ കാർഡ് നൽകാത്തതെന്നു പറയുമോ;

(ഇ) പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ കോളേജുകളിൽ പോകുന്നതിന് കൺസഷൻ കാർഡ് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്നു മുതൽ എന്ന് പറയുമോ;

(എഫ്) ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും പോലും കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ കൺസഷൻ കാർഡ് നൽകുമ്പോഴും, പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നവർക്ക് നൽകിയിരുന്ന കൺസഷൻ കാർഡ് നിർത്തലാക്കിയതിന്റെ കാരണമെന്ത്;

(ജി) അവർക്ക് കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ യാത്ര ചെയ്യുന്നതിന് മറ്റ് വിദ്യാർത്ഥികൾക്ക് കൊടുക്കുന്നതുപോലെയുള്ള കൺസഷൻ കാർഡ് നൽകുവാൻ നിർദ്ദേശം കൊടുക്കുമോ?

ഉത്തരം

(എ) പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നുണ്ട്.

(ബി) 2001-ൽ നടപ്പിലാക്കിയ നിരക്കിന്റെ 75% (എഴുപത്തിയഞ്ചു ശതമാനം) എന്നാൽ ഇത് ഇപ്പോഴത്തെ നിരക്കിന്റെ 80 ശതമാനമാണ്.

(സി) എല്ലാ റെഗുലർ കോഴ്സുകൾക്കും കൺസഷൻ നൽകുന്നുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉണ്ട്.

(എഫ്) പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നവർക്ക് നൽകിയിരുന്ന കൺസഷൻ കാർഡ് നിർത്തലാക്കിയിട്ടില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

മണ്ണാർക്കാട്–അട്ടപ്പാടി–കോയമ്പത്തൂർ ബസ് സർവ്വീസ്

77 [2946] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് അട്ടപ്പാടി വഴി കോയമ്പത്തൂരിലേക്ക് ഒരു ഇൻറർസ്റ്റേറ്റ് ബസ് സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) പ്രസ്തുത സർവ്വീസ് അന്തർ സംസ്ഥാന കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. അന്തർ സംസ്ഥാന കരാറുകളെക്കുറിച്ച് ചർച്ച നടക്കുമ്പോൾ ഈ റൂട്ടും പരിഗണിക്കുന്നതാണ്.

ഡിപ്പോകളിൽ നിന്നും പഴയ സാധനങ്ങൾ വിറ്റ് കിട്ടിയ വരുമാനം

78 [2947] ശ്രീ. കെ. ബി. ഗണേഷ് കുമാർ:
,, ജോണി നെല്ലൂർ:
,, ടി. എം. ജേക്കബ്:
,, ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ വിവിധ വർക്ക്ഷോപ്പുകളിലായി ഉപയോഗശൂന്യമായ ഇരുമ്പ്, പാട്ട മുതലായവ എത്രമാത്രം കെട്ടിക്കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ വസ്തുക്കൾ ലേലം ചെയ്ത വകയിൽ എത്ര രൂപ ലഭിച്ചിട്ടുണ്ട്;

(സി) കഴിഞ്ഞ 4 വർഷത്തെ ഭരണത്തിനിടയിൽ ലേലം ചെയ്ത ബസ്സുകളുടെ എണ്ണം എത്ര; വരുമാനം എത്ര;

(ഡി) ഈ കാലയളവിൽ ആകെ വാങ്ങിയ ബസ്സുകൾ എത്രയെന്നും ചെലവായ തുക എത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യുടെ വിവിധ വർക്ക്ഷോപ്പുകളിലായി ഉപയോഗശൂന്യമായി കിടന്നിരുന്ന ഇരുമ്പ്, പാട്ട മുതലായവ 26-5-2005, 27-5-2005 എന്നീ ദിവസങ്ങളിൽ ലേലം ചെയ്തു വിൽപ്പന നടത്തിയിട്ടുണ്ട്.

(ബി) 1,87,63,493 രൂപ 82 പൈസ (ഒരു കോടി എൺപത്തേഴു ലക്ഷത്തി അറുപത്തിമൂവായിരത്തി നാനൂറ്റിതൊണ്ണൂറ്റിമൂന്ന് രൂപ എൺപത്തിരണ്ടുപൈസ) ലഭിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ 4 വർഷത്തെ ഭരണത്തിനിടയിൽ 1264 ബസ്സുകൾ ലേലം ചെയ്തിട്ടുണ്ട്. 5,58,54,275 രൂപ (അഞ്ചുകോടി അൻപത്തിഎട്ടു ലക്ഷത്തി അൻപത്തിനാലായിരത്തി ഇരുനൂറ്റി എഴുപത്തിഅഞ്ചുരൂപ) ഈ ഇനത്തിൽ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

(ഡി) 1359 ബസ്സുകൾ വാങ്ങിയിട്ടുണ്ട്, ഇതിനായി 140.58 കോടി രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly